**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4065** **17-03-2025 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ എക്സൈസ് ഓഫീസിലെ ഡ്രൈവർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ എക്സൈസ് ഓഫീസിൽ ഡ്രൈവർ തസ്തിക ഇല്ലാത്തതും, ഇക്കാരണത്താൽ ഓഫീസ് പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പെരിന്തൽമണ്ണ എക്സൈസ് റേഞ്ച് ഓഫീസിൽ ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടില്ല. നിലവിൽ ടി ഓഫീസിന്റെ ദൈനം ദിന പ്രവർത്തനങ്ങൾക്ക് മുടക്കം വരാതിരിക്കുന്നതിലേക്ക് പ്രസ്തുത ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ, പ്രിവന്റീവ് ഓഫീസർ തുടങ്ങിയ തസ്തികകളിലെ ജീവനക്കാർ വകുപ്പ് തല വാഹനം ഓടിച്ചു വരുന്നു. |
| (ബി) | ഡ്രൈവർ തസ്തിക സൃഷ്ടിച്ച് നിയമനം നടത്താത്തതിന്റെ കാരണവും ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ; | (ബി) | എക്സൈസ് വകുപ്പിൽ 277 സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ തസ്തികയാണ് നിലവിലുള്ളത്. വകുപ്പിൽ ഡ്രൈവർ തസ്തിക ഇല്ലാത്ത ഓഫീസുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക സാമ്പത്തിക ബാധ്യത വരുത്തുന്ന തസ്തിക സൃഷ്ടിക്കൽ/വാഹനം വാങ്ങൽ ശുപാർശ അംഗീകരിക്കാൻ നിർവ്വാഹമില്ലെന്നു എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.<br><br>നിലവിൽ വാഹനമുള്ളതും ഡ്രൈവർ തസ്തിക ഇല്ലാത്തതുമായ ഓഫീസുകളിൽ ഓഫീസിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ പ്രസ്തുത ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ, പ്രിവന്റീവ് ഓഫീസർ തുടങ്ങിയ തസ്തികകളിലെ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു. |
| (സി) | പെരിന്തൽമണ്ണ എക്സൈസ് ഓഫീസിൽ ഡ്രൈവർ നിയമനം എപ്പോൾ നടത്തുമെന്ന് വ്യക്തമാക്കുമോ? | (സി) | എക്സൈസ് വകുപ്പിൽ 277 സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ തസ്തികയാണ് നിലവിലുള്ളത്. വകുപ്പിൽ ഡ്രൈവർ തസ്തിക ഇല്ലാത്ത ഓഫീസുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശുപാർശ സർക്കാർ |

| | | | |
|---|---|---|---|
| | | | പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക സാമ്പത്തിക ബാധ്യത വരുത്തുന്ന തസ്തിക സൃഷ്ടിക്കൽ/വാഹനം വാങ്ങൽ ശുപാർശ അംഗീകരിക്കാൻ നിർവ്വാഹമില്ലെന്നു എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.<br><br>നിലവിൽ വാഹനമുള്ളതും ഡ്രൈവർ തസ്തിക ഇല്ലാത്തതുമായ ഓഫീസുകളിൽ ഓഫീസിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ പ്രസ്തുത ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ, പ്രിവന്റീവ് ഓഫീസർ തുടങ്ങിയ തസ്തികകളിലെ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു. |

സെക്ഷൻ ഓഫീസർ